# സംവരണവും സിപിഐ (എം) നിലപാടും

320.954
SAM

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

J1036

# സംവരണവും സിപിഐ(എം) നിലപാടും

## സിപിഐ(എം) സംസ്ഥാന സെക്രട്ടറിയറ്റ് 1995 സെപ്റ്റംബറിൽ പുറപ്പെടുവിച്ച അഭ്യർത്ഥന:

സംവരണ സംരക്ഷണമെന്ന പേരിൽ സിപിഐ(എം) നെതിരെ രൂക്ഷമായ ഒരു കടന്നാക്രമണം നടക്കുന്നതിനാൽ സംഗതികൾ വ്യക്തമാക്കേണ്ടതുണ്ട്.

പഴയ തിരുവിതാംകൂറിലും കൊച്ചിയിലും ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി സംവരണാവശ്യം ഉയർന്നു വന്നപ്പോൾ അതിന് അന്നത്തെ കമ്മ്യൂണിസ്റ്റ് പാർടി പൂർണ്ണ പിന്തുണ നൽകി.

സംവരണാവശ്യം ഉന്നയിച്ച ജാതിസംഘടനകളുടെ നിലപാടിൽ നിന്ന് വ്യത്യസ്തമായി കമ്മ്യൂണിസ്റ്റ് പാർടി സംവരണത്തെ കണ്ടത് വർഗ്ഗ സമരത്തിൻെറ ഭാഗമായാണ്. ഭൂനിയമപരിഷ്കാരം പോലുള്ള സാമ്പത്തിക നടപടികളോടൊപ്പം ഉദ്യോഗത്തിൽ സംവരണം കിട്ടുക കൂടി ചെയ്താലേ പിന്നോക്ക ജാതിക്കാർക്ക് സംരക്ഷണമുള്ളുവെന്ന കാഴ്ചപ്പാടോടെയാണ് പാർടി സംവരണത്തിന് പിന്തുണ നൽകിയത്.
ഇക്കാരണത്താൽ പിന്നോക്ക ജാതിക്കാരുടെ രക്ഷക്കുള്ള മാർഗ്ഗം സംവരണം മാത്രമല്ല പിന്നോക്ക ജിതിക്കാരും മുന്നോക്ക ജാതികളിൽ പെട്ട പാവപ്പെട്ടവരും ചേർന്ന ട്രേഡ് യൂണിയനടക്കമുള്ള വർഗ്ഗ ബഹുജനസംഘടനകളും അവയുടെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങളുമാണെന്ന് പാർടി കരുതി. മുന്നോക്ക ജാതിയിൽ പെട്ട പാവപ്പെട്ടവരെ പിന്നോക്ക

320.954 SAM


ക്കാരുടെ കൂടെ നിർത്തിയാൽ മാത്രമേ രാജ്യത്തിനും സ്വന്തം സമുദായങ്ങൾക്കും തന്നെ ഭാവിയുള്ളുവെന്ന് പാർടി മനസിലാക്കി.

പിന്നോക്ക ജാതിക്കാരെ പൊതുവിലും മുന്നോക്ക ജാതികളിൽ പെട്ട പാവപ്പെട്ടവരെയും യോജിപ്പിക്കുന്നതിന് സംവരണാനുകൂല്യം പിന്നോക്ക ജാതികളിൽപ്പെട്ട പാവപ്പെട്ടവർക്കുമാത്രമായി ഒതുക്കി നിർത്തണമെന്ന നിർദേശം ഉയർത്തിക്കൊണ്ടുവന്നു. അത് ഇപ്പോൾ സുപ്രീം കോടതിയും അംഗീകരിച്ചിരിക്കുന്നു. ഈ നിർദേശത്തിൽ ഒരു ദൗർബല്യമുണ്ട്. പാവപ്പെട്ട പിന്നോക്കക്കാരിൽ അർഹത നേടിയ ഉദ്യോഗാർത്ഥികളില്ലെങ്കിൽ ആ ഉദ്യോഗം ജനറൽ ക്വാട്ടയിലേക്ക് പോകും. പാർടി ആദ്യം ഉന്നയിച്ച നിർദേശത്തിലും പിന്നീട് സുപ്രീം കോടതി നൽകിയ വിധിയിലുമുള്ള ഈ ദൗർബല്യം പരിഹരിക്കുന്നതിന് സിപിഐ(എം) ഒരു നിർദേശം വച്ചു. പാവപ്പെട്ടവരിൽ നിന്ന് അർഹത നേടിയ ഉദ്യോഗാർത്ഥികളില്ലെങ്കിൽ ആ ജോലി അതേ സംവരണ സമുദായത്തിൽ പെട്ട മേൽത്തട്ടുകാർക്കു ലഭിക്കണം. അതോടൊപ്പം മുന്നോക്ക ജാതികളിൽപ്പെട്ട പാവപ്പെട്ടവർക്കായി പത്തു ശതമാനത്തിൽ കവിയാത്ത സംവരണം ഏർപ്പെടുത്തുകയും വേണം. പക്ഷേ ഇത് നടപ്പിലാവണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്യണം.

ഈ ഭേദഗതിയോടുകൂടി സുപ്രീം കോടതി വിധി നടപ്പിലാക്കിയാൽ അതുകൊണ്ട് പിന്നോക്ക ജാതിക്കാർക്കു യാതൊരു നഷ്ടവുമില്ല. ഉണ്ടെന്നു പറയുന്നവർ പിന്നോക്ക ജാതികളുടെ താൽപര്യത്തിൻെറ പേരിൽ ആ ജാതികളിൽ പെട്ട സമ്പന്നർക്ക് ഉദ്യോഗം തട്ടിയെടുക്കാനുള്ള അവസരത്തിന് വേണ്ടിയാണ് വാദിക്കുന്നത്. അതിനെ എതിർക്കാൻ പിന്നോക്ക ജാതികളിൽ പെട്ട പാവപ്പെട്ടവരും മറ്റു പുരോഗമന വാദികളും മുന്നോട്ടു വരണം.

"കേരളത്തിൽ നിലവിലുള്ള സംവരണം നിലനിർത്തുക" എന്ന ആശയത്തിന് സുപ്രീം കോടതി വിധിയോടെ പ്രാബല്യം ഇല്ലാതായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ "കേരളത്തിൽ നിലവിലുള്ള സംവരണം" സുപ്രീം കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. അതുകൊണ്ട് സിപിഐ (എം) നിർദേശിക്കുന്ന ഭേദഗതിയോടെ കോടതിവിധി നടപ്പിലാക്കുക മാത്രമേ കേരളത്തിനു കഴിയൂ.

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാവും: ഐക്യജനാധിപത്യ മുന്നണി നേതാക്കളും സിപിഐ(എം) ഉം തമ്മിൽ ഒരൊറ്റ കാര്യത്തിലെ അഭിപ്രായ വ്യത്യാസമുള്ളു. പിന്നോക്ക ജാതിക്കാരിൽ നിന്ന് പാവപ്പെട്ടവർ അർഹത നേടിയ ഉദ്യോഗാർത്ഥികളായി വന്നാൽപോലും അവർക്കു കൊടുക്കാതെ ആ സമുദായത്തിലെ മേൽത്തട്ടുകാർക്ക് കൊടുക്കണമെന്ന് ഐക്യജനാധിപത്യ മുന്നണി; പാവപ്പെട്ടവർക്ക് മുൻഗണന കൊടുത്തുകൊണ്ട് അവരിൽ നിന്ന് അർഹത നേടിയ ഉദ്യോഗാർത്ഥികളില്ലെങ്കിൽ മാത്രം മേൽത്തട്ടുകാർക്ക് പോവുകയെന്ന് സിപിഐ(എം). ഇതിലേതാണ് പിന്നോക്ക ജാതിക്കാരുടെ താൽപര്യത്തിന് ഉപകരിക്കുക എന്ന് ശാന്തമായി ചിന്തിക്കാൻ സിപിഐ(എം) സംസ്ഥാന സെക്രട്ടറിയറ്റ് അഭ്യർത്ഥിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ നിയമനങ്ങളിൽ നിലവിലുള്ള സംവര

ണം സംരക്ഷിക്കാനെന്ന പേരിൽ സുപ്രീം കോടതി വിധി മറികടക്കാൻ ബില്ലവതരിപ്പിച്ച് പാസാക്കിയ വലതുമുന്നണി, സംസ്ഥാന സർവീസിനേക്കാൾ എത്രയോ ഇരട്ടി നിയമനങ്ങളുള്ള കേന്ദ്ര ഗവൺമെൻറിൻെറയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങളിൽ സുപ്രീം കോടതി വിധിയെ തുടർന്ന് "ക്രീമിലെയർ" വ്യവസ്ഥ നടപ്പിലാക്കിയിട്ട് അതിനെതിരെ ഒരക്ഷരം ഉരിയാടാൻ ഇന്നേവരെ തയ്യാറായിട്ടില്ല.

അതുപോലെ സർക്കാർ മേഖലയെക്കാളും കൂടുതൽ നിയമനങ്ങൾ നടക്കുന്നതും സർക്കാർ ഖജനാവിൽ നിന്നും നേരിട്ട് ശമ്പളം വാങ്ങുന്നതുമായ സ്വകാര്യ സ്കൂൾ കോളേജ് നിയമനങ്ങളിൽ സംവരണ വ്യവസ്ഥയടക്കം നടപ്പിലാക്കുന്ന നിയമത്തെ എതിർത്തു പരാജയപ്പെടുത്താൻ വിമോചനസമരത്തിന് നേതൃത്വം നൽകിയ ഭരണമുന്നണിയിലും ജാതി-മത പാർടികളിലും പെട്ട നേതാക്കളാണ് സിപിഐ(എം) നെതിരെ ഇപ്പോൾ വിമർശനത്തിൻെറ വാളോങ്ങിയിരിക്കുന്നതെന്നത് വിചിത്രമാണ്.

അതുകൊണ്ടുതന്നെ സിപിഐ(എം) നിർദേശിക്കുന്ന തരത്തിലുള്ള ഭരണഘടനാ ഭേദഗതി നടപ്പിലാക്കുകയും അതു വഴി സംവരണത്തിൻെറ ആനുകൂല്യത്തിന് പാവപ്പെട്ടവർക്കായിരിക്കണം മുൻഗണന എന്ന സ്ഥിതി നടപ്പിൽ വരുത്തുകയുമാണ് ബഹുഭൂരിപക്ഷം വരുന്ന പിന്നോക്കക്കാരിൽ പെട്ട പാവപ്പെട്ടവർക്കും ഗുണകരമെന്ന് മനസിലാക്കാൻ മുഴുവൻ ജനങ്ങളോടും സിപിഐ(എം) അഭ്യർത്ഥിക്കുന്നു.

# ജനങ്ങളെ കബളിപ്പിക്കുന്ന ബില്ല്

## (30..8..95ന് കേരള നിയമസഭയിൽ സ. ഇ. കെ. നായനാർ ചെയ്ത പ്രസംഗത്തിൻെറ സംഗ്രഹം)

ചരിത്രപരമായ കാരണങ്ങളാൽ ഇന്ത്യൻജനതയിൽ ഭൂരിപക്ഷവും ജാതീയവും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്നവരാണ്. തൊഴിൽ നൽകുന്നതിനുപരിയായി അധികാരം പ്രയോഗിക്കുന്നതിൽ അവർക്കു പങ്കാളിത്തം നൽകുന്നതിനായി കേന്ദ്രഗവർമെണ്ട് സർവ്വീസിൽ സംവരണം ഏർപ്പെടുത്താൻ ഭരണഘടനാ വ്യവസ്ഥകൾ ഉണ്ടായിട്ടും ആ വ്യവസ്ഥകൾ നടപ്പാക്കാൻ കേന്ദ്രം ദീർഘകാലം (40 കൊല്ലം) ഭരിച്ച കോൺഗ്രസ് ഗവർമെണ്ടുകൾ തയ്യാറായില്ല.

ചരിത്രപരമായ കാരണങ്ങളാൽ മുൻ തിരുവിതാംകൂറിലും പിന്നീട് കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും പിന്നോക്കവിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്തിയെങ്കിലും കേന്ദ്രസർവ്വീസിൽ ആ ആനുകൂല്യം ഇല്ലാത്ത അവസ്ഥ തുടർന്നുവന്നു.

സംവരണം നൽകാനുള്ള നീക്കം നടന്ന ഓരോ ഘട്ടത്തിലും കേന്ദ്രത്തിലെ കോൺഗ്രസ് ഗവർമെണ്ടുകൾ ആ നീക്കത്തിന് തുരങ്കംവയ്ക്കുകയാണ് ചെയ്തത്.

കേന്ദ്രസർവ്വീസിൽ പിന്നോക്കവിഭാഗങ്ങൾക്കു സംവരണം നൽകുന്നതിനെപ്പറ്റി പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട കാലേക്കർ കമ്മീഷൻ എന്നറിയപ്പെടുന്ന ഒന്നാമത്തെ പിന്നോക്കവിഭാഗ കമ്മീ

ഷൻ 1956-ൽ സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര കോൺഗ്രസ് ഗവർമെണ്ട് ഫലത്തിൽ പൂഴ്ത്തി.

1979 മാർച്ചിൽ ജനതാഗവർമെണ്ട് നിയമിച്ച മണ്ഡൽകമ്മീഷൻ എന്നറിയപ്പെടുന്ന രണ്ടാമത്തെ പിന്നോക്കവിഭാഗ കമ്മീഷൻ 1980-ൽ സമർപ്പിച്ച റിപ്പോർട്ടും കേന്ദ്ര കോൺഗ്രസ് ഗവർമെണ്ട് പൂഴ്ത്തി.

വി പി സിംഗ് ഗവർമെണ്ടിൻെറ കാലത്താണ് ആ റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിച്ചത്. കേന്ദ്രസർവ്വീസിൽ പിന്നോക്ക വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് വി പി സിംഗ് ഗവർമെണ്ട് 1990 ആഗസ്ത് 13ന് ഉത്തരവ് പുറപ്പെടുവിച്ചു.

പിന്നോക്കവിഭാഗങ്ങൾ അവരുടെ മാഗ്നകാർട്ടാ എന്നു വിളിക്കുന്ന ഈ ഉത്തരവിനെതിരേ ഉത്തരേന്ത്യയിലും മറ്റും വമ്പിച്ച കലാപം കോൺഗ്രസും ബി ജെ പിയും ഉൾപ്പെടെയുള്ള പാർടികളുടെ നേതൃത്വത്തിൽ നടന്നു. ഉത്തരവിനെ ചോദ്യംചെയ്തുകൊണ്ട് സുപ്രീകോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽചെയ്യപ്പെട്ടു. ഉത്തരവു നടപ്പാക്കുന്നത് കോടതി നിർത്തിവയ്പിച്ചു.

1991-ലെ പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരത്തിൽ വന്ന റാവു ഗവർമെണ്ട് 13-8-90ലെ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് 25-9-91ൽ പുതിയ ഉത്തരവു പുറപ്പെടുവിച്ചു.

അതനുസരിച്ച് പിന്നോക്ക വിഭാഗത്തിന് 27 ശതമാനം സംവരണം ചെയ്ത ഒഴിവുകളിലെ നിയമനങ്ങളിൽ പാവപ്പെട്ടവർക്ക് മുൻഗണന നൽകണമെന്നും അവരുടെ എണ്ണം വേണ്ടത്ര ഇല്ലെങ്കിൽ ആ ഒഴിവുകളിൽ പിന്നോക്ക വിഭാഗങ്ങളിലെ മറ്റു ഉദ്യോഗാർഥികളെ നിയമിക്കണമെന്നും നിർദ്ദേശിച്ചു. ഇതേവരെ സംവരണാനുകൂല്യം ലഭിച്ചിട്ടില്ലാത്ത, സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് 10 ശതമാനം നൽകണമെന്നും ആ ഉത്തരവിൽ വ്യക്തമാക്കി. ഈ ഉത്തരവും സുപ്രീംകോടതിയിൽ ചോദ്യംചെയ്യപ്പെട്ടു.

1992 നവംബർ 16ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചു. പിന്നോക്കവിഭാഗങ്ങൾക്കുള്ള 27 ശതമാനം സംവരണം കോടതി ശരിവെച്ചു. അതോടൊപ്പം ഭരണഘടന 16 (4) വകുപ്പ് വിഭാവനം ചെയ്യുന്ന പിന്നോക്ക വിഭാഗക്കാരിൽ നിന്ന് മേൽത്തട്ടുകാരെ ഒഴിവാക്കണമെന്നും കോടതി നിർദ്ദേശിച്ചു.

കേന്ദ്രം 4 മാസത്തിനകം മേൽത്തട്ടുകാരെ ഒഴിവാക്കാനുള്ള മാനദണ്ഡം നിശ്ചയിക്കണം.

സംസ്ഥാനങ്ങളിൽ നിലവിലുള്ള സംവരണം തുടരാം. എന്നാൽ 6 മാസത്തിനകം മേൽത്തട്ടുകാരെ ഒഴിവാക്കാനുള്ള മാനദണ്ഡം നിശ്ചയിക്കണം.

ഈ സുപ്രീംകോടതി നിർദ്ദേശം വന്നിട്ട് മൂന്നുവർഷത്തോളമായിട്ടും കേരളാ ഗവർമെണ്ട് മാനദണ്ഡം നിശ്ചയിച്ചില്ല.

ഈ സാഹചര്യത്തിൽ സുപ്രീംകോടതി ഗവർമെണ്ടിനെതിരേ കോർട്ടലക്ഷ്യ നടപടിക്ക് മുതിർന്നതിൻെറ പശ്ചാത്തലത്തിലാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

പിന്നോക്ക സമുദായങ്ങളുടെ താൽപ്പര്യ സംരക്ഷണത്തിനെന്ന നാട്യ

ത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ ഭരണഘടനാ വിരുദ്ധമാണ്; 'രാഷ്ട്രീയ സദാചാരത്തിനു വിരുദ്ധമാണ്; ജനവിരുദ്ധവും ജനങ്ങളെ കബളിപ്പിക്കാൻ ലാക്കാക്കിയുള്ളതുമാണ്. നിയമപരമായി നിലനിൽക്കുകയില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഗവർമെണ്ട് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സുപ്രീംകോടതി വിധിക്കെതിരായ ഈ ബില്ല് നിലനിൽക്കില്ലെന്ന് ആർക്കാണ് അറിയാത്തത്.

ഈ ബില്ല് ഒന്നിനും സംരക്ഷണം നൽകുന്നില്ല; ഒന്നിനും സാധൂകരണവുമാകുന്നില്ല.

ബില്ലിലെ 3, 4, 6 വകുപ്പുകൾ പ്രാബല്യത്തിൽ വരുന്നത് 2-10-92നാണ്. അന്ന് നിലവിലുള്ള സംവരണം അതേനിലയിൽ ഇപ്പോൾ തുടരണമെന്നാണ് 4-ാം വകുപ്പിൽ വ്യവസ്ഥചെയ്യുന്നത്.

എന്നാൽ സംവരണം സംബന്ധിച്ച സുപ്രീംകോടതി വിധി 16-11-92ലാണ് ഉണ്ടായത്. സുപ്രീംകോടതിയുടെ ആ വിധിയോടുകൂടി സംവരണം സംബന്ധിച്ച് അതിനുമുമ്പ് നിലവിലുണ്ടായിരുന്ന അടിസ്ഥാനം മാറി.

ഭരണഘടന 16 (4) വകുപ്പനുസരിച്ച് പിന്നോക്കവിഭാഗം യഥാർഥ പിന്നോക്കവിഭാഗമാകുന്നത് മേൽത്തട്ടുകാരെ ഒഴിവാക്കുമ്പോഴാണെന്ന് സുപ്രീംകോടതി വിധിച്ചു.

സുപ്രീംകോടതിയുടെ 16-11-92ലെ വിധി 86-ാം ഖണ്ഡികയിൽ ഇക്കാര്യം വ്യക്തമാക്കുന്നു:

We feel that exclusion of such socially advanced members will make the 'class' truly backward class and would more appropriately serve the purpose and object of clause (4) of Article 16 of the Constitution (Para 86 of the Judgement).

ഇതനുസരിച്ചുള്ള സംവരണം പിന്നോക്കവിഭാഗത്തിലെ മേൽത്തട്ടുകാരെ ഒഴിച്ചുള്ളവർക്കാണ്. അതിന് കോടതിവിധിയനുസരിച്ച് മേൽത്തട്ടുകാരെ ഒഴിവാക്കണം. മേൽത്തട്ടുകാർ ആരൊക്കെയെന്ന് നിശ്ചയിക്കാതിരുന്നാൽ അത് കോടതിവിധിയുടെ ലംഘനമാകും. നിശ്ചയിക്കുമ്പോഴാകട്ടെ ഈ ബില്ലിൻെറ 4-ാം വകുപ്പിൽ പറയുന്ന 2-10-92ലെ നില തുടരാനാകാതെ വരും. അപ്പോൾ ഈ നിയമംതന്നെ അപ്രസക്തമാകും. പ്രയോജനരഹിതമാകും.

ബില്ലിൻെറ 3-ാം വകുപ്പിൽ (എ)യിൽ പ്രഖ്യാപിക്കുന്നത് "ഏതെങ്കിലും പിന്നോക്കവിഭാഗങ്ങളിൽ മുന്നോക്കവിഭാഗങ്ങളുമായി മൽസരിക്കുവാൻ കഴിവുള്ള പുരോഗതി നേടിയ യാതൊരു വിഭാഗങ്ങളും ഇല്ലെ"ന്നാണ്.

ഇത് സാങ്കൽപ്പിക ധാരണയിൽനിന്ന് രൂപംകൊണ്ടതും അധികപ്പറ്റുമാണ്. ഭരണഘടനാവിരുദ്ധവും കോടതിവിധിയെ മറികടക്കാമെന്ന വ്യാമോഹത്താൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ്.

കാരണം ഭരണഘടന 16 (4) വകുപ്പിൽ പറയുന്ന "പിന്നോക്കവിഭാഗം" എന്താണെന്ന് സുപ്രീംകോടതി 16-11-92ലെ വിധിയിൽ 86-ാം ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്.

"The very concept of a class denotes a number of persons having

certain common traits which distinguish them from the others. In a backward class under clause (4) of Article 16, if the connecting link is the social backwardness, it should broadly be the same in a given class. If some of the members are far too advanced socially which in the context, necessarily means economically and may also mean educationaly the connecting thread between them and the remaining class snaps. They would be misfits in the class. After excluding them along; would the class be a compact class. In fact, such exclusion benefits the truly backward." (Para 86 of Judgement)

ഭരണഘടന 16 (4) വകുപ്പിൽപ്പറയുന്ന പിന്നോക്കവിഭാഗത്തിലെ ചിലർ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയേറെ പുരോഗതി നേടിയിട്ടുണ്ടെങ്കിൽ അവരെയും അതേ വിഭാഗത്തിലെ അവശേഷിക്കുന്ന മറ്റുള്ളവരേയും തമ്മിൽ ബന്ധിപ്പിക്കുന്ന ചരട് പൊട്ടിപ്പോയിരിക്കുന്നു. അങ്ങനെ പുരോഗതി നേടിയവർ പിന്നോക്കവിഭാഗത്തിൽ മിസ്ഫിറ്റുകളായിരിക്കും. അവരെ ഒഴിവാക്കിയുള്ളതാണ് യഥാർത്ഥത്തിലുള്ള പിന്നോക്കവിഭാഗം".

സുപ്രിംകോടതിയുടെ ഈ നിഗമനത്തിൻെറ വെളിച്ചത്തിൽ ഈ 3 (എ) വകുപ്പിന് നിലനിൽപ്പില്ലെന്ന് മാത്രമല്ല അത് ഭരണഘടന 16 (4) വകുപ്പിനു വിരുദ്ധമാവുകയുമാണ്.

അതുമാത്രമല്ല, ഈ 3 (എ) വകുപ്പിൽപ്പറയുന്നതുപോലെ പിന്നോക്ക വർഗ്ഗത്തിൽ സാമൂഹ്യമായും സാമ്പത്തികമായും ഉയർച്ചനേടിയവർ ഉണ്ടെന്ന് ആരും പറയുന്നില്ല. അങ്ങനെ ആരും പറയാത്ത, ഇല്ലാത്ത സമ്പന്നവിഭാഗം ആരോടു മൽസരിക്കാനാണ്? ഇല്ലാത്ത Advanced Section ഉണ്ടെന്ന് സങ്കൽപ്പിച്ച് ഒരു പ്രഖ്യാപനം നടത്തുന്നത് അർഥശൂന്യമാണ്. അങ്ങനെ 3 (എ) വകുപ്പ് അധികപ്പറ്റും നിയമവിരുദ്ധവുമാവുകയാണ്.

3-ാം വകുപ്പിലെ പ്രഖ്യാപനത്തിന് ഗവർമെണ്ടിന് അധികാരമുണ്ടെങ്കിലും 3 (എ) വകുപ്പ് അപ്രസക്തമാകുന്നതോടെ (ബി) വകുപ്പും ഇല്ലാതാവുകയാണ്.

6-ാം വകുപ്പാകട്ടെ, ഏതെങ്കിലും കോടതിവിധിയിൽ എന്തുതന്നെ പറഞ്ഞാലും 1958-ലെ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംവരണം സാധൂകരിക്കുന്നതാണ്. മറ്റൊരു നിയമപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് ഈ നിയമപ്രകാരം സാധൂകരണം നൽകാൻ കഴിയുമോ. മാത്രമല്ല, ഈ നിയമം പാസാക്കിയില്ലെങ്കിൽ സംവരണതത്വം അനുസരിച്ച് ഇതിനകം നടന്ന് എല്ലാ നിയമനങ്ങളും അസാധുവാണെന്നാണോ നിങ്ങൾ പറയുന്നത? 2-10-92- മുതലാണ് ഈ വ്യവസ്ഥയ്ക്ക് പ്രാബല്യം നൽകുന്നത്. അതുവരെ നടന്ന നിയമനങ്ങൾക്ക് എന്തു സംഭവിക്കും? അങ്ങനെ ഈ വകുപ്പ് നിഷ്ഫലവും അധികപ്പറ്റും ആവുകയാണ്. ചുരുക്കത്തിൽ ഈ ബിൽ ഭരണഘടനയുടെ മേലുള്ള ഒരു തട്ടിപ്പാണ്. സുപ്രിംകോടതിവിധിയുടെ മേലുള്ള കടന്നാക്രമണമാണ്. ജനങ്ങളെ കബളിപ്പിക്കാനുള്ള കുരുട്ടുവിദ്യയാണ്.

സുപ്രിംകോടതി വിധിയോടെ കേരളത്തിൽ നിലവിലുള്ള സംവര

ണം മേൽത്തട്ടു വ്യവസ്ഥക്കു വിധേയമായി. അത് മറികടക്കാനുള്ള നിയമനിർമ്മാണം സംസ്ഥാന ഗവർമെണ്ടിൻെറ പരിധിയിൽ വരുന്നതല്ല.

ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം വേണം.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ" നൂറ്റാണ്ടുകളായി അസമത്വത്തിലും ദുരിതത്തിലും അധികാരത്തിൻെറ വിവിധ ശ്രേണികളിൽനിന്നകന്നും കഴിഞ്ഞിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ നിലയ്ക്ക് സമ്പൂർണ്ണമായ മാറ്റമുണ്ടാകുന്നതുവരെ സംവരണം തുടരണം എന്നുതന്നെയാണ് സിപിഐ എമ്മിൻെറ സുദൃഢമായ അഭിപ്രായം.

തിരുവിതാംകൂറിലും കൊച്ചിയിലും ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി സംവരണാവശ്യം ഉയർന്നുവന്നപ്പോൾ കമ്യൂണിസ്റ്റുപാർടി അതിന് പൂർണപിന്തുണ നൽകി. എന്നാൽ സംവരണത്തെ ഞങ്ങൾ കണ്ടത് ജാതിമതാടിസ്ഥാനത്തിലല്ല, വർഗസമരത്തിൻെറ വീക്ഷണത്തിലാണ്. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ചയോടൊപ്പം അധികാരത്തിൽ പങ്കാളിത്തം വേണം.

"അധികാരം കൊയ്യണം നാമാദ്യം അതിനുമേലാകട്ടെ പൊന്നാര്യൻ" എന്ന് ഇടശ്ശേരി പാടിയതിനു പിന്നിലെ വികാരവും ഇതുതന്നെയായിരുന്നു.

ഈ അധികാരപങ്കാളിത്തത്തിലൂടെയുള്ള പിന്നോക്ക വിഭാഗത്തിൻെറ രക്ഷയ്ക്കുള്ള മാർഗം, പിന്നോക്ക ജാതിക്കാരും മുന്നോക്ക ജാതികളിൽപ്പെട്ട പാവപ്പെട്ടവരും ചേർന്ന വർഗ്ഗബഹുജന സംഘടനകളാണെന്നും മുന്നോക്കജാതികളിലെ പാവപ്പെട്ടവരെ പിന്നോക്കക്കാരുടെ കൂടെ നിർത്തേണ്ടതും അവരെ ഒന്നാകെ ബഹുജനസമരത്തിൽ പങ്കെടുപ്പിക്കേണ്ടതും രാജ്യപുരോഗതിക്ക് ആവശ്യമാണെന്നും ഞങ്ങൾ വിലയിരുത്തി. അതിൻെറ അടിസ്ഥാനത്തിലാണ് ഞങ്ങൾ സംവരണനയത്തിന് രൂപം കൊടുത്തിട്ടുള്ളത്.

പിന്നോക്ക ജാതികളിൽപ്പെട്ടവർക്ക് ഒരു നഷ്ടവും വരാത്ത ഒന്നാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്.

സംവരണ തത്വപ്രകാരമുള്ള നിയമനങ്ങളിൽ പാവപ്പെട്ടവർക്ക് മുൻഗണന നൽകണം, പിന്നോക്കവിഭാഗങ്ങളിൽത്തന്നെ പുരോഗതി നേടിയ, സമ്പന്നരായവർ ഉണ്ട്. സുപ്രിംകോടതി വിശേഷിപ്പിക്കുന്ന ക്രമിലെയറിൽപ്പെട്ടവർ, മേൽത്തട്ടുകാർ, അവരെ സംവരണത്തിൽനിന്ന് പൂർണ്ണമായി മാറ്റി നിർത്തണമെന്നാണ് കോടതി വിധിച്ചിരിക്കുന്നത്. എന്നാൽ, പിന്നോക്കക്കാർക്കുവേണ്ടി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടാൻ യോഗ്യതയുള്ള പാവപ്പെട്ടവർ വേണ്ടത്രയില്ലെങ്കിൽ ആ വിഭാഗത്തിലെതന്നെ സമ്പന്നർക്ക്, മേൽത്തട്ടുകാരിൽനിന്നുള്ളവർക്ക് നൽകാവുന്നത്. ഇതാണ് ഞങ്ങളുടെ നിർദ്ദേശം. അതുകൊണ്ട് പിന്നോക്കക്കാർക്ക് ഒരു നഷ്ടവുമില്ല. ഈ നിർദ്ദേശം നടപ്പാക്കണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്യണം. നരസിംഹറാവു ഗവർമെണ്ടിൻെറ 25-9-91-ലെ ഉത്തരവിലും എസ്എൻഡിപിയുടെ റിട്ട് പെറ്റീഷന് കേന്ദ്ര ഗവർമെണ്ട് സുപ്രിംകോടതിയിൽ 1992 ജനുവരി 27ന് സമർപ്പിച്ച അഫിഡവിറ്റിലും

ഈ നിർദ്ദേശംതന്നെ കാണാം.

പിന്നോക്ക സമുദായങ്ങളിലെ സമ്പന്നരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ആൻറണി ഗവർമെണ്ട് നിലകൊള്ളുമ്പോൾ പിന്നോക്കക്കാർക്കുവേണ്ടി പൊതുവിലും അതിലെ പാവപ്പെട്ടവർക്കുവേണ്ടി പ്രത്യേകിച്ചും നിലകൊള്ളുന്നു സിപിഐ എം. മുന്നോക്കക്കാരിലെ പാവപ്പെട്ടവർക്കും 10 ശതമാനം സംവരണം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഇതിനെ സംവരണ വിരോധമായി ചിത്രീകരിച്ചാൽ, ഈ സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവരും ജനാധിപത്യവാദികളും വിവരമുള്ളവരും അത് പുഛിച്ചുതള്ളുകയേ ഉള്ളൂ.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ ഈ ബിൽ ഭേദഗതിയോടെ കൊണ്ടുവന്നതുതന്നെ രാഷ്ട്രീയ സദാചാരത്തിനു വിരുദ്ധമാണ്. ഒരുവിഭാഗം വോട്ടർമാരെ സ്വാധീനിക്കാനുള്ള നീക്കമാണിത്. ആത്മാർഥതയുടെ കണികപോലുമില്ലാത്ത നീക്കം.

1990-ൽ വി പി സിങ്ങ് ഗവർമെണ്ട് 27 ശതമാനം സംവരണ ഉത്തരവു പുറപ്പെടുവിച്ചത് മണ്ഡൽ കമ്മീഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ്. മണ്ഡൽ റിപ്പോർട്ടിൽ മുസ്ലീം ഉൾപ്പെടെ ചില പിന്നോക്കവിഭാഗക്കാരെ വിട്ടുപോയിരുന്നു. മണ്ഡൽ ശുപാർശകൾ നടപ്പാക്കുന്നതിൻെറ ഒന്നാംഘട്ടത്തിൽ തന്നെ കേന്ദ്രത്തിൻെറ പിന്നോക്ക സമുദായപട്ടികയിൽ സംസ്ഥാന പട്ടികയിലുള്ള മുസ്ലീം ഉൾപ്പെടെയുള്ള എല്ലാ പിന്നോക്കസമുദായങ്ങളെയും ഉൾപ്പെടുത്തണമെന്ന് 1991 ഏപ്രിൽ 29ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവർമെണ്ട് കേന്ദ്രഗവർമെണ്ടിനോട് ആവശ്യപ്പെട്ടിരുന്നു. നാലരവർഷം കഴിഞ്ഞു. ഒരു എക്സിക്യൂട്ടിവ് ഓർഡർ മതി മുസ്ലീം ഉൾപ്പെടെ കേന്ദ്രലിസ്റ്റിൽ വിട്ടുപോയവരെ ഉൾപ്പെടുത്തി സംവരണാനുകൂല്യം നൽകാൻ, അതിന് പുതുതായി ഒരു കമ്മീഷൻെറയും ശുപാർശ വേണ്ട. സുപ്രിംകോടതി വിധിയുടെ 119-ാം ഖണ്ഡികയിൽ ഇതു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അത്തരം ഒരു ഓർഡർ പുറപ്പെടുവിക്കുവാൻ കുഞ്ഞാലിക്കുട്ടിയും കൂട്ടരും ചെറുവിരലനക്കിയോ? എന്നിട്ടാണ് മുസ്ലീം സംരക്ഷണത്തിൻെറ കുത്തക അവകാശപ്പെടുന്നത്. ആൻറണി എന്തെങ്കിലും ചെയ്തോ?

ആടിനെ പച്ചിലകാട്ടി തെളിക്കുന്നതുപോലെ പിന്നോക്കക്കാരെ സംവരണബിൽ കാട്ടി വ്യാമോഹിപ്പിക്കാമെന്ന് ആൻറണിയും കൂട്ടരും കരുതരുത്.

ഈ ബിൽ യുഡിഎഫിന് ശക്തമായ തിരിച്ചടിയാണ് നൽകാൻ പോകുന്നത്.

ഈ ബിൽ ഭരണഘടനാ വിരുദ്ധമാണ്; സുപ്രിംകോടതിതന്നെ ഇതിനെ എതിർക്കും. യു ഡി എഫ് ജുഡീഷ്യറിയെ വെല്ലുവിളിച്ചിരിക്കുകയാണ്.

ഏതുഘട്ടത്തിലും സംവരണം സംബന്ധിച്ച റിപ്പോർട്ടുകൾ പൂഴ്ത്തിവക്കാനും സമ്പന്നർക്കു പിന്തുണ നൽകാനും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ ബി ജെ പിയുമായി കൂട്ടുചേർന്ന് അതിനെ എതിർക്കുകയും ചെയ്ത ചരിത്രമാണ് കോൺഗ്രസിനുള്ളത്. അതുപോലെതന്നെ ഇപ്പോൾ ആൻറണി ഗവർമെണ്ട് പിന്നോക്കവിഭാഗത്തിലും മുന്നോക്കവിഭാഗത്തിലുമുള്ള പാവപ്പെട്ടവരെ എതിർക്കാനും ഭരണഘടനക്ക്

വിരുദ്ധമായും സുപ്രീംകോടതിവിധിക്ക് എതിരായും മുന്നോട്ടുവന്നിരിക്കുകയാണ്. ഈ ബിൽ വെറും പണക്കാർക്കു പിന്തുണ നൽകാൻവേണ്ടിയുള്ളതുമാത്രമാണ്. ഇത് വെറും കാപട്യവും വഞ്ചയുമായി മാത്രമേ കണക്കാക്കാൻ സാധിക്കൂ.

# വഞ്ചനയുടെ രാഷ്ട്രീയം വിലപ്പോവില്ല!

## (വി എസ് അച്യുതാനന്ദൻ)

ഇല്ലാത്ത പ്രശ്നം ഉണ്ടെന്നുപറഞ്ഞ് സിപിഐ എമ്മിനെ പിന്നോക്ക ജനവിഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുത്താനും അവരുടെ പിന്തുണ നേടി പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ യുഡിഎഫിന്റെ സുനിശ്ചിത പരാജയം ഒഴിവാക്കാനുമാണ് എ കെ ആൻറണി ഗവർമെണ്ട് ശ്രമിച്ചത്. എന്നാൽ ഈ അടവ് ആകെ പാളിപ്പോകുന്ന സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്.

അവിഭക്ത കമ്യൂണിസ്റ്റ് പാർടിയും പിന്നീട് സിപിഐ എമ്മും രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ വിശേഷിച്ച് പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ കേരളത്തിലെ ജനങ്ങളെ ഓർമ്മിക്കേണ്ട കാര്യമില്ല. ഈ നടപടികളെ പരാജയപ്പെടുത്തുന്ന സമീപനമാണ് കോൺഗ്രസ് സമുദായ പ്രമാണിമാരുടെ സഹായത്തോടെ ചെയ്തുപോന്നിട്ടുള്ളതെന്നും അവർക്കറിയാം.

പിന്നോക്കവിഭാഗക്കാരുടെ പ്രശ്നം പഠിച്ച് കാക്കാ കലേക്കർ 1956ൽ സമർപ്പിച്ച റിപ്പോർട്ട് നെഹ്റു മരിക്കുന്നതുവരെ തുറന്നുനോക്കുകയുണ്ടായില്ല. കേന്ദ്ര ഗവർമെണ്ട് ജോലികളിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മാത്രമാണ് സംവരണം ഉണ്ടായിരുന്നത്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുകൂടി സംവർണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠിച്ചു റിപ്പോർട്ടുചെയ്യാൻ മണ്ഡൽ കമ്മീഷനെ നിയോഗിച്ചതു സിപിഐ എം പിന്തുണയോടെ 1977ൽ നിലവിൽവന്ന ജനതാ ഗവർമെണ്ടായിരുന്നു. 1980ൽ സമർപ്പിച്ച ആ കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കുന്നതിനു ഇന്ദിരാഗാന്ധിയുടെയും രാജീവ്ഗാന്ധിയുടെയും നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ് മന്ത്രിസഭകൾ ഒന്നുംതന്നെചെയ്തില്ല. ഇടതുപക്ഷ പിന്തുണയുള്ള വി പി സിങ്ങ് ഗവർമെണ്ടാണ് 1990ൽ ആ ശുപാർശകൾ അനുസരിച്ച് കേന്ദ്ര സർവ്വീസിൽ 27 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവിട്ടത്. കോൺഗ്രസ് ഐയും ബിജെപിയും കൂടി വിദ്യാർഥികളെക്കൊണ്ട് ആത്മാഹൂതി നടത്തിച്ച് ആ ഉത്തരവ് നടപ്പാക്കുന്നതു തടയാൻ നോക്കി. മാത്രമല്ല ആ രണ്ടു പാർടികളും കൂടി വി പി സിങ്ങ് മന്ത്രിസഭക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്ന് അതിനെ പുറത്താക്കുകയും ചെയ്തു. പിന്നോക്കക്കാർക്കുള്ള സംവരണകാര്യത്തിൽ കോൺഗ്രസ് ഐ നിരന്തരം ചെയ്തുപോന്ന ഈ (സേവന)ങ്ങൾ എടുത്തുപറയേണ്ടതാണ്. അതു പിന്നോക്ക ജനവിഭാഗങ്ങൾ ശ്രദ്ധിക്കും എന്നാണ് എന്റെ വിശ്വാസം.

സിപിഐ എം അക്കാലത്ത് സംവരണം സംബന്ധിച്ച് അഖിലേന്ത്യാതലത്തിൽ ഒരു നിലപാടെടുത്തു. അതിൽ മൂന്നു ഘടകങ്ങളാണ്

ഉണ്ടായിരുന്നത്.

1. സംവവണാനുകൂല്യം ലഭിക്കുന്നതിൽ മുൻഗണനന അതതു സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് ആയിരിക്കണം.

2. അവരിൽ യോഗ്യരായവർ വേണ്ടത്ര ഇല്ലെങ്കിൽ അതതു സമുദായതിലെ മറ്റുള്ളവർക്ക് അതു നൽകണം. (ഇത് അതതു സമുദായത്തിനു ലഭിച്ചുപോരുന്ന സംവരണം നിലനിർത്തുന്നതിനു വേണ്ടിയാണ്.).

3. മുന്നോക്ക ജനവിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ചെറിയ ശതമാനം സംവരണം ഏർപ്പെടുത്തണം.

വി പി സിങ്ങ് ഗവർമെണ്ട് ഇറക്കിയ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് നരസിംഹറാവു ഗവർമെണ്ട് 1991 ൽ ഒരു ഉത്തരവ് ഇറക്കിയിരുന്നു. അതിനെതിരെ എസ്എൻഡിപിയോഗം കേസ് കൊടുത്തിരുന്നു. അതു സംബന്ധിച്ച് കേന്ദ്രക്ഷേമവകുപ്പിലെ അഡീഷണൽ സെക്രട്ടറി മാതാ പ്രസാദ് 1992 ജനുവരി 29ന് സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിന്റെ ഒമ്പതാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു. "സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ (എസ്ഇബിസി) പാവപ്പെട്ടവർക്ക് മുൻഗണന നൽകുന്നതിന്റെ ലക്ഷ്യം എസ്ഇബിസികളിലെ മെച്ചപ്പെട്ട സ്ഥിതിയുള്ളവർ ജോലിയിലെ സംവരണാനുകൂല്യം കയ്യടക്കുന്നതു തടയണമെന്നും അത് എസ്ഇബിസികളിലെ പാവപ്പെട്ടവർക്ക് പോകണമെന്നുമാണ്. അതേസമയം എസ്എബിസികളിലെ പാവപ്പെട്ടവർക്കിടയിൽ നിന്ന് വേണ്ടത്ര ഉദ്യോഗാർഥികൾ ഇല്ലെങ്കിൽ, മറ്റ് എസ്ഇബിസികൾക്ക് ഈ ആനുകൂല്യം നൽകണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങിനെ എസ്ഇബിസികൾക്കായി സംവരണം ചെയ്ത 27 ശതമാനം ഒഴിവുകൾ മൊത്തത്തിൽ ആ വിഭാഗത്തിനുതന്നെ ലഭിക്കുന്നതാണ്. മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്കും സംവരണാനുകൂല്യം ഏർപ്പെടുത്താനും റാവു ഗവർമെണ്ട് തീരുമാനിച്ചിരുന്നു.

നരസിംഹറാവു ഗവർമെണ്ട് ഇതു് സംബന്ധിച്ച് കൊണ്ടുവന്ന വ്യവസ്ഥകൾ സുപ്രീം കോടതി പൂർണമായി അംഗീകരിച്ചില്ല. പിന്നോക്ക സംവരണാനുകൂല്യം അവരിലെ പാവപ്പെട്ടവർക്കുമാത്രം മതി എന്ന് സുപ്രീംകോടതി വിധിച്ചു. വേണ്ടത്ര അർഹരായവർ അവരിലെ പാവപ്പെട്ടവർക്കിടയിൽ ഇല്ലെങ്കിൽ അതതു സമുദായത്തിൽപ്പെട്ട മേൽത്തട്ടുകാരെ പരിഗണിക്കണമെന്നും മുന്നോക്കക്കാരിലെ പാവപ്പെട്ടവർ‍ ും സംവരണം വേണമെന്നുമുള്ള വ്യവസ്ഥകൾ സുപ്രീം കോടതി ത ളെഞ്ഞു. ആ സ്ഥിതിയിൽ ഭരണഘടന ഭേദഗതി ചെയ്ത് ഈ വ്യവ ൾക്ക് പരിരക്ഷ നൽകണമെന്നു സിപിഐ എം ആവശ്യപ്പെട്ടു.

ഇവിടെ രണ്ടു കാര്യങ്ങൾ വ്യക്തമാണ

(1) സിപിഐ എം നിർദ്ദേശിച്ച കാര്യം തന്നെയാണ് നരസിംഹറാവു ഗവർമെണ്ട് ആദ്യം കൈക്കൊണ്ടതും സുപ്രീംകോടതിയിൽ ബോധിപ്പിച്ചതും. സുപ്രീംകോടതി അവയെ തള്ളിക്കളഞ്ഞപ്പോൾ ഭരണഘടന ഭേദഗതി ചെത്ത് ഈ വ്യവസ്ഥകൾക്ക് പരിരക്ഷ നൽകണമെന്ന് സിപിഐ എം നിർദ്ദേശിച്ചതനുസരിച്ച് റാവു ഗവർമെണ്ട് ഒരു നടപടിയും കൈക്കൊണ്ടില്ല. പിന്നോക്കക്കാരോടും മുന്നോക്കക്കാരിലെ പാവപ്പെട്ടവരോടുമുള്ള അവരുടെ പ്രേമം വാക്കിൽ മാത്രമേയുള്ളൂ.

(2). റാവുവും മറ്റും ഈ നിലപാടെടുത്തപ്പോൾ അതു തിരുത്തി കേരളത്തിലെ പിന്നോക്കക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തകസമിതി അംഗങ്ങളായ എ കെ ആൻറണിയും (അന്ന് കേന്ദ്രമന്ത്രി) കെ കരുണാകരനും (അന്ന് മുഖ്യമന്ത്രി), ഒരു നടപടിയും കൈക്കൊണ്ടില്ല. ഒരു സമ്മർദ്ദവും കേന്ദ്രത്തിൽ ചെലുത്തിയില്ല.

സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം മേൽത്തട്ടുവ്യവസ്ഥ ഏർപ്പെടുത്താൻ നിർബന്ധിതരായപ്പോൾ സംസ്ഥാന ഗവർമെണ്ടുകൾ അതുപ്രകാരം ചെയ്തു. കേരളാ ഗവർമെണ്ട് സുപ്രീംകോടതി വിധി വന്ന 1992 നവംബർ 16 മുതൽ 1995 ജൂലൈ 10 വരെ ഈ സമീപനമാണ് കൈക്കൊണ്ടത്. കേരളത്തിലെ മേൽത്തട്ടുകാരെ നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് ഗവർമെണ്ട് പിന്നോക്ക വിഭാഗ ക്കമ്മീഷൻ രൂപീകരിച്ചു. അവരോട് മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്നതിന് ആവശ്യപ്പെട്ടു. അവർ തടസ്സമുന്നയിക്കുകയും ആ പ്രക്രിയ നീണ്ടുപോകുകയും ചെയ്തപ്പോൾ കാലതാമസത്തിനു സുപ്രീംകോടതിയോട് കേരളാ ഗവർമെണ്ട് മാപ്പുപറഞ്ഞു. ആൻറണി മുഖ്യമന്ത്രിയായശേഷം മന്ത്രിസഭ ജസ്റ്റീസ് ഖാലിദിൻെറ നേതൃത്വത്തിൽ ഗൗരിയമ്മയും നാലകത്തു സൂപ്പിയുമടങ്ങുന്ന ഒരു കമ്മിറ്റിയെ രൂപീകരിച്ചു. മേൽത്തട്ടുകാരെ കണ്ടുപിടിക്കുന്നതിനുള്ള ആ കമ്മിറ്റിയിൽ ഇരിയ്ക്കാൻ ജസ്റ്റീസ് ഖാലിദ് വിസമ്മതിച്ചപ്പോൾ ഗൗരിയമ്മയും സൂപ്പിയും അതിനു തയ്യാറായി. അന്നൊന്നും അവരാരും ഇന്നു കാണുന്ന തരത്തിലുള്ള പിന്നോക്കപ്രേമം പ്രകടിപ്പിച്ചിരുന്നില്ല.

ജൂലൈ പത്തിന് ചീഫ് സെക്രട്ടറി ആർ രാമചന്ദ്രൻനായർ, കോർട്ടലക്ഷ്യത്തിന് നടപടിയെടുക്കരുതെന്ന് അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ച സത്യവാങ്മൂലത്തിലും കോടതി നിർദ്ദേശം നടപ്പാക്കാമെന്നാണ് ഗവർമെണ്ടിനുവേണ്ടി ഏറ്റിരുന്നത്. സെപ്തംബർ ഒന്നിനകം നടപടി പൂർത്തിയാക്കാൻ കോടതി നിർദ്ദേശിച്ചു.

സെപ്തംബർ അവസാനമാണ് പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് സംസ്ഥാന ഗവർമെണ്ട് കേന്ദ്രത്തിൻെറ സമ്മർദ്ദം നിമിത്തം തീരുമാനിക്കുന്നത്. അതിനുശേഷമാണ് ആ തെരഞ്ഞെടുപ്പിൽ സാധാരണഗതിയിൽ യു ഡി എഫിനു വിജയിക്കുക പ്രയാസമാണെന്നു കണ്ട ആൻറണി പ്രഭൃതികൾ സംവരണത്തെ തെരഞ്ഞെടുപ്പിൽ ഒരു പ്രശ്നമാക്കാൻ തീരുമാനിച്ചു. അതിൻെറ അടിസ്ഥാനത്തിൽ മേൽത്തട്ടുകാരെ കണ്ടുപിടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുപകരം സംസ്ഥാനത്തു നിലവിലിരുന്ന സാമുദായിക സംവരണം അതേ മട്ടിൽ നിലനിർത്തുന്നു എന്ന അർഥം വരുന്ന ബിൽ നിയമസഭയിൽ കൊണ്ടുവന്നു പാസാക്കാനാണ് ആൻറണി ഗവർമെണ്ട് മുതിർന്നത്. സിപിഐ എം നിർദ്ദേശിച്ച രീതിയിൽ ഭരണഘടന കേന്ദ്രം ഭേദഗതി ചെയ്തിരുന്നെങ്കിൽ ഈ സ്ഥിതി ഉണ്ടാകുമായിരുന്നില്ല. വർഷങ്ങൾക്കു മുമ്പുതന്നെ ആ നിലപാടെടുത്ത സിപിഐ എമ്മിനെ പിന്നോക്ക വിഭാഗക്കാരിൽ നിന്ന് ഒറ്റപ്പെടുത്തുന്നതിനു ശക്തമായ ദുഷ്പ്രചരണം കെട്ടഴിച്ചുവിടുകയും ചെയ്തു.

കേരളത്തിൻെറ കോർട്ടലക്ഷ്യക്കേസ് പരിഗണനയ്ക്ക് എടുക്കു-

JI036


മ്പോൾ സുപ്രീംകോടതി എന്തു നിലപാടു കൈക്കൊള്ളും എന്ന് ഇപ്പോൾ പറയാനാവില്ല. എന്നാൽ, യു പി - ബിഹാർ ഗവർമെണ്ടുകൾ മേൽത്തട്ടു വ്യവസ്ഥയിൽ കേന്ദ്രസർവ്വീസിലുള്ള ഉദ്യോഗസ്ഥരോടും വ്യാപാരി വ്യവസായികളോടും ഔദാര്യം കാണിക്കുന്നതിനു കൊണ്ടുവന്ന ഓർഡിനൻസുകൾ സുപ്രീംകോടതി തള്ളിയിരിക്കയാണ്. ഇങ്ങനെ വ്യവസ്ഥയിൽ വെള്ളം ചേർക്കുന്നതിനെ എതിർത്ത സുപ്രീംകോടതി കേരളത്തിൽ മേൽത്തട്ടുകാരെ കണ്ടുപിടിക്കാൻ തന്നെ തയ്യാറല്ല എന്ന ആൻറണി ഗവർമെണ്ടിൻെറ ഇപ്പോഴത്തെ നിലപാട് അംഗീകരിക്കുമോ? കണ്ടറിയണം.

ഇന്ത്യയിൽ 24 സംസ്ഥാനങ്ങളും കേന്ദ്രഗവർമെണ്ടും അംഗീകരിച്ച സുപ്രീംകോടതി വിധിയെ കേരള ഗവർമെണ്ടിനു മാത്രമായി കേരള നിയമസഭക്ക് ഒരു ബിൽ പാസാക്കി തടയാൻ കഴിയുമോ? പ്രത്യക്ഷത്തിൽ തന്നെ ബാലിശമായ ഒരു നിലപാടാണ് ആൻറണി ഗവർമെണ്ടും യു ഡി എഫും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. പ്രശ്നത്തിൽ സൂത്രവിദ്യപ്രയോഗിച്ചു രക്ഷപ്പെടാം എന്നാണ് അവർ കണക്കുകൂട്ടുന്നത്. അതു നടപ്പില്ല. ഭരണഘടനാ ഭേദഗതി മാത്രമാണ് പരിഹാരമാർഗം. അതാണ് സിപി ഐ എം ആവശ്യപ്പെടുന്നത്.

ഇതുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രശ്നത്തിൽ വിവിധ സമുദായ സംഘടനകളുടെ നേതൃപ്രമാണിമാരുമായി കൂട്ടുകുടിയാൽ ബഹുജനക്കോടതിയുടെ വിധി അനുകൂലമാക്കാൻ കഴിയും എന്നു മനക്കോട്ട കെട്ടുകയാണ് യു ഡി എഫ് നേതൃത്വം. ഒന്നാമത്, ഈ കള്ളക്കളി ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. രണ്ടാമത്, ഭൂപരിഷ്കരണത്തെയും വിദ്യാഭ്യാസ നിയമത്തെയും എതിർത്തു പിന്നോക്കവിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചവരാണ് കോൺഗ്രസുകാരും കൂട്ടാളികളും. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഇല്ലാതായതു ഇവരുടെ കുത്തിത്തിരിപ്പുമൂലമാണ്. അതിൻെറ ഏറ്റവും ഒടുവിലത്തെ രൂപമാണ് യു ഡി എഫും സമുദായ പ്രമാണിമാരും കൂടി ഏർപ്പെടുത്തുന്ന അൺ എയ്ഡഡ് - സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മൂന്നാമത്, ഗവർമെണ്ടിൻെറ ദുർഭരണവും ഈ തെരഞ്ഞെടുപ്പിൽ അടങ്ങിയ യഥാർഥ പ്രശ്നങ്ങളും മറച്ചുവെക്കുന്നതിനാണ് സംവരണ പ്രശ്നം യു ഡി എഫ് ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നത്. ഈ മൂന്നുകാര്യങ്ങളിലും യു ഡി എഫിനെതിരെ പിന്നോക്കക്കാർ ഉൾപ്പെടെയുള്ള ജനസാമാന്യം വിധിയെഴുതുമെന്ന കാര്യത്തിൽ സംശയമില്ല.

തിരുവനന്തപുരം,

4..1..1996

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് &
പബ്ലിഷിംഗ് കമ്പനി (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം.
തീയതി: 13..1..96

# സംവരണവും സിപിഐ (എം) നിലപാടും

320 .954
SAM

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

Indic Digital Archive Foundation
gpura.org